**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *255

13.03.2020- ൽ മറുപടിയ്ക്ക്

**വനഭൂമി കൈവശക്കാർക്ക് പട്ടയം**

ചോദ്യം

ശ്രീ.വി.ആർ.സുനിൽ കുമാർ
,, ചിറ്റയം ഗോപകുമാർ
,, ജി.എസ്.ജയലാൽ
,, ഇ.കെ.വിജയൻ

മറുപടി.

ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) കൈവശക്കാർക്ക് വിതരണം ചെയ്യുന്നതിന് കേന്ദ്ര സർക്കാരിന്റെയും സുപ്രീം കോടതിയുടേയും അനുമതി ലഭിച്ച വനഭൂമിയിൽ, പട്ടയം നല്കുന്നതിന് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(എ) 01.01.1977 ന് മുൻപ് വനഭൂമി കൈവശം വച്ച് വരുന്നവർക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽപ്പെട്ട 28,588.159 ഹെക്ടർ ഭൂമിയ്ക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ 64,335 പട്ടയങ്ങളിലായി ആകെ 17,650.6526 ഹെക്ടർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ബാക്കി ഭൂമി അർഹരായ അപേക്ഷകർക്ക്, വിതരണം ചെയ്യുന്നതിന് സത്വര നടപടി സ്വീകരിച്ച് വരുന്നു.

സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനായി കേന്ദ്ര സർക്കാരിന്റെയും ബഹു.സുപ്രീം കോടതിയുടേയും അനുമതി ലഭിച്ചതും പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 5 ജില്ലകളിൽ ഉൾപ്പെട്ടതുമായ 19,000 ഏക്കർ വനഭൂമിയുടെ വിതരണ നടപടികൾ നടന്നു വരുന്നതാണ്. നാളിതുവരെ വിതരണം ചെയ്ത ഭൂമിയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | കേന്ദ്രാനുമതി ലഭിച്ച ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ) | വിതരണം ചെയ്ത ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|
| 1 | പാലക്കാട് | 4361.3027 | 1005.90 |
| 2 | മലപ്പുറം | 203.64 | 6.8798 |
| 3 | വയനാട് | 3008.080 | 977.4242 |
| 4 | കണ്ണൂർ | 83 | 0 |
| 5 | കാസർഗോഡ് | 37.023 | 30.3644 |
| | ആകെ | 7693.0457 | 2020.5684 |

(ബി) വനഭൂമി കൈവശം സംബന്ധിച്ച റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ടോ;

(ബി) 01.01.1977 ന് മുൻപ് വനഭൂമിയിൽ കുടിയേറിയവർക്ക് പട്ടയം നൽകുന്നതിലേക്ക് വനം - റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന കോട്ടയം ജില്ലയിലൊഴികെ പൂർത്തിയായിട്ടുള്ളതും, പ്രസ്തുത വിശദാംശങ്ങൾ കേന്ദ്രസർക്കാരിലേക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നതുമാണ്.

(സി) സംയുക്ത പരിശോധന കഴിഞ്ഞ് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ച ഭൂമിയിൽ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് പട്ടയം നല്കാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) സംയുക്ത പരിശോധന പൂർത്തിയായതും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചതും വിവിധ കാരണങ്ങളാൽ (സംയുക്ത പരിശോധനാ റിപ്പോർട്ട് ലഭ്യമല്ലാത്തവ, നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ഫോറം 2 സമർപ്പിക്കാത്തവ, മരങ്ങളുടെ വില, മതിയായ രേഖകൾ സമർപ്പിക്കാത്തവ മുതലായവ) പട്ടയവിതരണം തടസ്സപ്പെട്ട കേസുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും, ആയതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തി 22.06.2019 ലെ സ.ഉ.(കൈ) നം

189/2019/റവ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ അക്കാര്യങ്ങളെക്കുറിച്ച് കൂടുതൽ വ്യക്തത വരുത്തി പട്ടയം നൽകുന്നതിനുതകുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തുകയുണ്ടായി. എന്നാൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലും തുടർ നടപടികൾ സ്വീകരിക്കുന്നതിന് അവ്യക്തത നിലനിൽക്കുന്നുവെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ കൂടുതൽ സ്പഷ്ടീകരണം നൽകി 06.03.2020 ലെ സ.ഉ. (കൈ) നം 90/2020/റവ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

(ഡി) സംയുക്ത പരിശോധന കഴിഞ്ഞ് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ലാത്ത ഭൂമിയിൽ, അർഹരായവർക്ക് പട്ടയം നല്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) 01.01.1977 ന് മുൻപ് വനഭൂമിയിൽ കുടിയേറിവർക്ക് 1993 ലെ പ്രത്യേക ചട്ടങ്ങൾ (01.01.1977 ന് മുമ്പുള്ള വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ) പ്രകാരം പട്ടയം നൽകുന്നതിന് അത്തരം ഭൂമിയിൽ റവന്യൂ - വനം വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തി കേന്ദ്രാനുമതി ലഭിക്കേണ്ടതുണ്ട്. കേന്ദ്രാനുമതി ലഭിച്ചിട്ടില്ലാത്ത ഭൂമിയിൽ ടി ചട്ടങ്ങൾ പ്രകാരം പട്ടയം നൽകുവാൻ വ്യവസ്ഥയില്ലാത്തതാണ്.

(ഇ) അത്തരത്തിൽ പട്ടയം അനുവദിക്കുമ്പോൾ ഈ ഭൂമിയിൽ നിലനില്ക്കുന്ന മരങ്ങളുടെ കാര്യത്തിൽ എന്തടിസ്ഥാനത്തിലുള്ള തീർപ്പാണ് നല്കുന്നതെന്ന് അറിയിക്കുമോ?

(ഇ) 1993 ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ (01.01.1977 ന് മുമ്പുള്ള വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ) പ്രകാരം പട്ടയം അനുവദിക്കുമ്പോൾ ടി ചട്ടത്തിലെ ചട്ടം 13 പ്രകാരമാണ് നടപടി സ്വീകരിക്കുന്നത്.

Indu.S.J

**സെക്ഷൻ ഓഫീസർ**